# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 487 — **07.01.2014**- ലെ മറുപടിക്ക്

## <u>സഹകരണ സ്ഥാപനങ്ങളിലെ അപ്രൈസർമാർ</u>

| **<u>ചോദ്യം</u>** | | **<u>മറുപടി</u>** |
|---|---|---|
| ശ്രീമതി. കെ.കെ. ലതിക | | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) സ്വർണ്ണപ്പണയ വായ്പ അനുവദിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ അപ്രൈസർമാരുടെ തസ്തിക സർക്കാർ അനുവദിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ; | (എ) | 1969-ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ ചട്ടം 182 ന്റെ അനുബന്ധം III ൽ അർബൻ സഹകരണ ബാങ്കുകൾക്ക് സർക്കാർ അനുവദിച്ചിട്ടുള്ള തസ്തികകളിൽ അപ്രൈസർ തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ റിക്രൂട്ട്മെന്റ് റൂൾസിൽ ഗോൾഡ് അപ്രൈസർ തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ട്. സ്വർണ്ണം പണയവായ്പ അനുവദിക്കുന്ന ഇതര സഹകരണ സംഘങ്ങളുടെ ആവശ്യവും അപേക്ഷയും പരിഗണിച്ച് അപ്രൈസർ തസ്തിക സഹകരണ സംഘം രജിസ്ട്രാർ അനുവദിക്കാറുണ്ട്. |
| ബി) പ്രസ്തുത തസ്തികയുടെ സേവന-വേതന വ്യവസ്ഥകൾ അംഗീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ടോ; | (ബി) | അപ്രൈസർ തസ്തികയ്ക്ക് മാത്രമായി സേവന വേതന വ്യവസ്ഥകൾ അംഗീകരിച്ച് നൽകിയിട്ടില്ല. എന്നാൽ സഹകരണ ചട്ടം അനുബന്ധം III ൽ ഉൾപ്പെട്ടിട്ടുള്ളവർക്കും അപ്രൈസർ തസ്തിക അനുവദിച്ച് ശമ്പള സ്കെയിൽ നിശ്ചയിച്ച് നൽകിയിട്ടുള്ള അപ്രൈസർമാർക്കും സഹകരണ സംഘങ്ങളിലെ മറ്റ് ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള സേവന-വേതന വ്യവസ്ഥകൾ ബാധകമാണ്. |
| സി) അപ്രൈസർ തസ്തിക സംബന്ധമായ പഠനങ്ങൾ നടത്തുന്നതിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; | (സി) | സഹകരണ സംഘങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തുവരുന്ന നിക്ഷേപ/വായ്പ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും വിവിധ ആവശ്യങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാരിന്റെ 28.02.2013 ലെ സ.ഉ (സാധാ)138/2013/സഹ നമ്പർ ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) എങ്കിൽ, കമ്മിറ്റിയംഗങ്ങൾ ആരെല്ലാ മെന്നും, കമ്മിറ്റിയുടെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയെന്നും, കമ്മിറ്റിയുടെ റിപ്പോർട്ട് സമയബന്ധിത മായി ലഭിക്കുന്നതിനും നടപ്പാക്കുന്ന തിനും എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും വ്യക്തമാ ക്കുമോ? | (ഡി) അഡ്വ. പി.എം. സുരേഷ്ബാബു, ചെയർമാനായും ഡോ. ശൂരനാട് രാജശേഖരൻ, ഡോ. എസ്. രവീന്ദ്രൻ, എന്നിവർ കമ്മിറ്റി അംഗങ്ങളായും അഡീഷണൽ രജിസ്ട്രാർ ശ്രീ. കെ.വി. സുരേഷ് ബാബു, കൺവീനറായും ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്.<br><br>**<u>ടേംസ് ഓഫ് റഫറൻസ്</u>** :- സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന നിക്ഷേപ വായ്പ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരു ടെയും തസ്തിക, ഘടന, സേവന വേതന വ്യവസ്ഥ കൾ എന്നിവ പഠിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക.<br><br>കമ്മിറ്റിയുടെ റിപ്പോർട്ട് സമയബന്ധിതമായി ലഭ്യമാക്കുന്നതിനും നടപ്പാക്കുന്നതിനും ചുവടെ പറയുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

- സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥ യിൽ ജോലി ചെയ്യു വരുന്ന നിക്ഷേപ/വായ്പ പിരിവുകാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി ഒരു പ്രൊഫോർമ തയ്യാറാക്കി എല്ലാ ജില്ലാതല ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്ക് നൽകുകയും പ്രൊഫോർമ പ്രകാരമുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യു.
- ജില്ലാതല വിവരങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധ പ്പെട്ട് ജോയിന്റ് രജിസ്ട്രാർ ആഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്)റെ നോഡൽ ആഫീസർ ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.
- നിക്ഷേപ/വായ്പ കളക്ഷൻ ഏജന്റ്മാരുടെയും ഗോൾഡ് അപ്രൈസർമാരുടെയും സംഘടനാ പ്രതിനിധികളു മായി 18.12.2013 ന് കേരള സംസ്ഥാന സഹകരണ ബാങ്ക് മിനികോൺഫറൻസ് ഹാളിൽ വെച്ച് കമ്മിറ്റി അംഗങ്ങൾ നേരിട്ട് ചർച്ച നടത്തുകയുണ്ടായി.

സെക്ഷൻ ഓഫീസർ